നേതൃത്വപരമായ പങ്ക് നിർവ്വഹിച്ചുവരുന്നു. ഈ ഉദ്ദേശ്യലക്ഷ്യം നിറവേറ്റുന്നതിനായി ത്രിവേണി, നീതി, നൻമ സ്റ്റോറുകൾ, മൊബൈൽ ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയുൾപ്പെടെയുള്ള യൂണിറ്റുകൾ സംസ്ഥാന വ്യാപകമായി പ്രവർത്തിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങൾ പൊതുവിപണി വിലയെക്കാൾ 20 ശതമാനം വിലക്കുറവിൽ വർഷം മുഴുവനും വിൽപ്പന നടത്തുന്നതിനായി 865 നൻമ സ്റ്റോറുകൾ ഈ സർക്കാരിന്റെ കാലത്താണ് ആരംഭിച്ചത്. പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഉത്സവകാലങ്ങളിൽ 20-30 ശതമാനം വരെ സബ്സിഡിയോടെ വിപണന മേളകൾ കൺസ്യൂമർഫെഡ് നടത്തിവരുന്നു. ഉത്സവകാലത്ത് ഗവൺമെന്റ് സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യ ഇനത്തിൽ മുൻ സർക്കാർ നൽകേണ്ടിയിരുന്ന 372.74 കോടി രൂപയിൽ 117.71 കോടി രൂപ മാത്രമാണ് കഴിഞ്ഞ സർക്കാർ നൽകിയത്. 255.03 കോടി രൂപ കുടിശ്ശികയായിരുന്നു. മുൻ സർക്കാരിന്റെ അഞ്ചുവർഷക്കാലയളവിൽ 117.71 കോടി രൂപ സബ്സിഡിയായി നൽകിയപ്പോൾ ഈ സർക്കാരിന്റെ മൂന്നര വർഷക്കാലയളവിൽ 229.50 കോടി രൂപ ഇതിനോടകം തന്നെ നൽകിക്കഴിഞ്ഞു. ഇതിനുപുറമെ, അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി 50 കോടി രൂപയുടെ എൻ.സി.ഡി.സി. സഹായവും ലഭ്യമാക്കിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് കൊടുത്തുതീർക്കേണ്ടിയിരുന്ന ബാധ്യത 255.03 കോടി രൂപയുൾപ്പെടെ ലഭ്യമാകാതിരുന്നത് കൺസ്യൂമർഫെഡിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക കൺസ്യൂമർഫെഡിന് ലഭിക്കാത്തതുമൂലം സാധനങ്ങൾ ലഭ്യമാക്കി യഥാസമയം വ്യാപാരികൾക്ക് തുക നൽകാൻ കഴിയാത്തതും ബാങ്കുകളിൽ നിന്ന് ലഭിച്ച തുകയ്ക്ക് ഭീമമായ തുക പലിശ നൽകേണ്ടി വരുന്നതും കൺസ്യൂമർഫെഡിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ യഥാസമയം വിലയിരുത്തുന്നുണ്ട്. ഇന്ന് ഉച്ചയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഇതുസംബന്ധിച്ച കാര്യങ്ങൾ അവലോകനം ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ ഉന്നതതല യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സബ്മിഷനിലൂടെ ഉന്നയിച്ച കാര്യങ്ങൾ ഉൾപ്പെടെ ഈ യോഗത്തിൽ ചർച്ച ചെയ്ത് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

2. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ സ്മാരകം

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, വിശ്വപൗരനായ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അവർകൾക്ക് എറണാകുളത്ത് ഉചിതമായ ഒരു സ്മാരകം നിർമ്മിക്കുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഈ സഭയുടെ പൊതു വികാരമായി ഇത് അംഗീകരിക്കണമെന്നാണ് എന്റെ ആവശ്യം. ആദ്യ നിയമസഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരം, നിയമം, ജയിൽ, സാമൂഹ്യക്ഷേമം, വൈദ്യുതി, ജലം എന്നീ വകുപ്പുകൾ കൈകാര്യം ചെയ്ത മന്ത്രിയായിരുന്ന അദ്ദേഹം. 1973 മുതൽ സുപ്രീംകോടതി ജഡ്ജിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹം എഴുപതിലധികം ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്. എന്നും നീതി നിഷേധിക്കപ്പെടുന്നവന്റെ ശബ്ദമായി, സാധാരണക്കാരന്റെ നീതിക്കുവേണ്ടി പൊരുതിയിട്ടുള്ള പടയാളിയായിട്ടാണ് നമ്മൾ അദ്ദേഹത്തെ കണ്ടിട്ടുള്ളത്. പ്രത്യേകിച്ച് കൊച്ചിക്കാരെ സംബന്ധിച്ച് ഏതൊരു സാമൂഹിക വിഷയത്തിലും കൊച്ചിയുടെ വികസനത്തിനുമെല്ലാം അദ്ദേഹം കൈക്കൊണ്ടിട്ടുള്ള നിലപാടുകളും നടത്തിയിട്ടുള്ള ഇടപെടലുകളുമെല്ലാം നമുക്ക് വ്യക്തമായി ബോധ്യപ്പെട്ടിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ സ്മാരകമെന്ന നിലയിൽ ഒരു ലൈബ്രറി സ്ഥാപിക്കുന്നതിന് അദ്ദേഹത്തിന്റെ നൂറാം ജന്മദിനത്തിൽ ജില്ലാ കോടതിയുടെ പിൻവശത്ത് അഞ്ചുസെന്റ് സ്ഥലം സർക്കാർ നൽകുകയുണ്ടായി. അക്കാര്യത്തിൽ ഞാൻ ഈ അവസരത്തിൽ സംസ്ഥാന ഗവൺമെന്റിന് പ്രത്യേകം നന്ദി അർപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ പേരിലുള്ള ഒരു ഉചിതമായ സ്മാരകം, ഏറ്റവും മോസ്റ്റ് മോഡേണായ ലൈബ്രറി സമുച്ചയം എന്ന രൂപത്തിലാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. അവിടെ അദ്ദേഹത്തിന്റെ നിയമ ഗ്രന്ഥങ്ങളും, നിയമ പുസ്തകങ്ങളും ഉൾപ്പെടുത്തി പുതിയ തലമുറയ്ക്ക് പഠിക്കാൻ ഒരു റിസർച്ച് സെന്ററായി വളർത്താനുമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതിന് വേണ്ട ധനസഹായം സർക്കാരിന്റെ ഭാഗത്തുനിന്ന് നൽകണം. ഇത് സഭയുടെ പൊതുവികാരമായി അംഗീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട അംഗം ഹൈബി ഈഡൻ വളരെ പ്രാധാന്യമുള്ള ഒരു കാര്യമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നത്. അടുത്ത കാലത്ത് നമ്മെ വിട്ടുപിരിഞ്ഞ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ കേരളത്തിന്റെയും ഭാരതത്തിന്റെയും ഏറ്റവും ഉത്തമനായ ഒരു പൗരനായിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം നമ്മുടെ സമൂഹത്തിന് പല തലത്തിലും ഒരു മാതൃകയും ശക്തിയുമായിരുന്നു. അദ്ദേഹത്തെ എല്ലാവരും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തത് അദ്ദേഹത്തിന്റെ പ്രവൃത്തി കൊണ്ടാണ്. സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ പ്രവൃത്തി എല്ലാവരാലും പ്രശംസിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. അദ്ദേഹത്തിന് ഒരു സ്മാരകം എന്ന ആശയമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ശ്രീ. ഹൈബി ഈഡൻ ഇവിടെ സൂചിപ്പിച്ചതുപോലെ, അദ്ദേഹത്തിന്റെ പേരിൽ നല്ല നിലയിലുള്ള ഒരു ലൈബ്രറി പ്രവർത്തിപ്പിക്കുന്നതിന് എറണാകുളത്ത് അഞ്ച് സെന്റ് സ്ഥലം വേണമെന്ന് ആവശ്യപ്പെട്ടു. ഗവൺമെന്റ് എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് അഞ്ച് സെന്റ് സ്ഥലം അനുവദിക്കാൻ ക്യാബിനറ്റിൽ തീരുമാനമെടുത്തു. അദ്ദേഹത്തിന്റെ നൂറാം

ജന്മദിനം കൊണ്ടാടിയ അവസരത്തിൽ ഗവൺമെന്റിനുവേണ്ടി മന്ത്രി ശ്രീ. കെ. ബാബു ഈ സ്ഥലം അദ്ദേഹത്തിന് നൽകുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ഹൈബി ഈഡൻ ഇവിടെ പറഞ്ഞ നിർദ്ദേശം ഗവൺമെന്റ് നിശ്ചയമായും പരിശോധിക്കും. അവിടെ അദ്ദേഹത്തിന് ഏത് വിധത്തിലുള്ള സ്മാരകം നിർമ്മിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് എല്ലാവശങ്ങളുമായി ആലോചിച്ച് തീരുമാനമുണ്ടാക്കുന്നതാണ്.

3. ആദിവാസി നില്പുസമരം

ശ്രീ. സി. ദിവാകരൻ: സർ, കഴിഞ്ഞ അഞ്ചുമാസക്കാലമായി കേരളത്തിന്റെ മനഃസാക്ഷിയെ നൊമ്പരപ്പെടുത്തുന്ന തരത്തിലാണ് സെക്രട്ടേറിയറ്റ് പടിക്കൽ ആദിവാസികളുടെ നില്പുസമരം നടന്നുകൊണ്ടിരിക്കുന്നത്. അങ്ങ് അതിനെ സംബന്ധിച്ച് 24-9-2014-ൽ കോൺഫറൻസ് വിളിച്ചു. അതിന്റെ തീരുമാനങ്ങൾ എന്താണെന്ന് വ്യക്തമല്ല. ആദിവാസികളുടെ പുനരധിവാസത്തിനുവേണ്ടി കേന്ദ്രം 19600 ഏക്കർ ഭൂമി അനുവദിച്ചതാണ്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി എ. കെ. ആന്റണിയുടെ കാലത്ത് വിളിച്ചുകൂട്ടിയ കോൺഫറൻസിൽ എടുത്ത തീരുമാനങ്ങളിൽ സാക്ഷികളായ മൂന്ന് മന്ത്രിമാർ ഈ മന്ത്രിസഭയിലുണ്ട്. അതിനുശേഷം 2002-ൽ ആകെ 677 കുടുംബങ്ങൾക്ക് മാത്രമാണ് ഭൂമി നൽകിയത്. അതോടുകൂടി അത് അവസാനിപ്പിച്ചു. അന്നൊരു കമ്മീഷൻ രൂപീകരിക്കണമെന്ന് പറഞ്ഞു, കമ്മീഷൻ രൂപീകരിച്ചു. എന്നാൽ കമ്മീഷൻ പ്രവർത്തനക്ഷമമല്ല. ഇവർക്കാവശ്യമായ ഭൂമി കൊടുക്കണമെന്ന് 3-4-2010-ൽ സുപ്രീം കോടതിയുടെ വിധിയുണ്ട്, 2004-ൽ കേന്ദ്ര സർക്കാരിന്റെ ഉത്തരവുണ്ട്, 2001-ൽ ശ്രീ. എ. കെ. ആന്റണിയുടെ തീരുമാനമുണ്ട്. വസ്തുതകളല്ല, എല്ലാ രേഖകളും അങ്ങയുടെ മേശപ്പുറത്തുണ്ട്. തികച്ചും ഭൂമിക്കുവേണ്ടി; കുടിവെള്ളത്തിനുവേണ്ടി ആദിവാസികൾ നടത്തുന്ന ഈ സമരത്തിൽ പ്രതികരിക്കാതിരിക്കാൻ നിവൃത്തിയില്ല. അവർ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് ആ സമരം അവസാനിപ്പിക്കാൻ ഗവൺമെന്റ് അടിയന്തരമായി തയ്യാറാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട അംഗം സി. ദിവാകരൻ ഇവിടെപ്പറഞ്ഞ ഈ പ്രശ്നം വളരെ ഗൗരവമായാണ് ഗവൺമെന്റ് കാണുന്നത്. ഇവരുടെ സമരത്തെ ഗവൺമെന്റ് കണ്ടില്ലെന്ന് നടിക്കുന്നുവെന്നു പറയുന്നത് ശരിയല്ല. ഞാൻ തന്നെ നേരിട്ട് നാലുപ്രാവശ്യം ഇതുസംബന്ധിച്ച് യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ഏറ്റവും ടെവിലത്തെ യോഗം ഇന്നലെ വൈകുന്നേരമാണ് ചേർന്നത്. ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല, പട്ടികജാതി

LIBRARY ARCHIVES Kerala Legislative Assembly